©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

വാല്യം 7
Vol. VII

തിരുവനന്തപുരം, ചൊവ്വ
Thiruvananthapuram, Tuesday

2018 ഒക്ടോബർ 23
23rd October 2018
1194 തുലാം 6
6th Thulam 1194
1940 കാർത്തികം 1
1st Karthika 1940

നമ്പർ
No. 42

## PART III

# Animal Husbandry Department

ലേല പരസ്യം

നമ്പർ ഡി-405/2018. 2018 ഒക്ടോബർ 6.

കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രം വക ഭൂമിയിൽ വീണു കിടക്കുന്ന ഒരു ആഞ്ഞിലി മരം, ഷെഡ്ഡ് നമ്പർ 1-10-ന് മുകളിലേക്ക് ചാഞ്ഞ് നിൽക്കുന്ന ഒരു ബദാം മരം, ഓഫീസ് കെട്ടിടത്തിലേക്ക് ചാഞ്ഞ് വേരുകൾ മുകളിലായി നിൽക്കുന്ന ഒരു ഗുൽമോഹർ എന്നിവ 1-11-2018 വ്യാഴാഴ്ച രാവിലെ 11.30-ന് പരസ്യ ലേലം/ക്വട്ടേഷൻ വ്യവസ്ഥയിൽ വിൽക്കുന്നതാണ്.

| ക്രമ നമ്പർ | തടി വിവരം | നീളം (cm.) | വണ്ണം (Cubic Mtr.) |
|---|---|---|---|
| 1 | ആഞ്ഞിലി | 185 | 1.889 |
| 2 | ബദാം | 175 | 1.631 |
| 3 | ഗുൽമോഹർ | 235 | 3.143 |

ലേല നടപടികൾ പൂർത്തിയായതിനുശേഷം അന്നേദിവസം ക്വട്ടേഷൻ തന്നിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതാണ്. ലേലംകൊണ്ട തുകയോ ക്വട്ടേഷനിൽ രേഖപ്പെടുത്തിയ തുകയോ ഏതാണോ മതിപ്പുവിലയിലും കൂടുതലായി വരുന്നത് ആ തുക അംഗീകരിക്കുന്നതുമായിരിക്കും.

ലേല തുക ന്യായമെന്ന് കണ്ടാൽ ലേലം/ക്വട്ടേഷൻ കൊള്ളുന്ന ആളിന്റെ പേരിൽ ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ അംഗീകാരത്തിന് വിധേയമായി ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതും ടിയാൾ അപ്പോൾ തന്നെ മുഴുവൻ തുകയും ഓഫീസിൽ ഒടുക്കി രസീത് വാങ്ങേണ്ടതുമാണ്. ലേലം/ക്വട്ടേഷൻ തുകയും അതിന്റെ 5% വന വികസന നികുതിയും ലേലം/ക്വട്ടേഷൻ തുകയുടേയും വനവികസന നികുതിയുടേയും 18% ജി. എസ്. ടി.യും ഉൾപ്പെടെ ആകെ തുക ഈടാക്കുന്നതാണ്. ലേലം പിടിക്കുന്ന ആളോ ക്വട്ടേഷൻ ലഭിക്കുന്നയാളോ ഒരാഴ്ചക്കുള്ളിൽ സ്വന്തം ചെലവിൽ മരം മുറിച്ച് കാമ്പസിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്. ടി ലേലം/ക്വട്ടേഷൻ നടത്തപ്പെടുന്ന ദിവസം സർക്കാർ പൊതു അവധി പ്രഖ്യാപിച്ചാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ലേലം നടത്തുന്നതായിരിക്കും. ക്വട്ടേഷനുകൾ ആഫീസിൽ ലഭിക്കുന്നതിനുള്ള അവസാന തീയതി 1-11-2018 രാവിലെ 11 മണിയായിരിക്കും. ലേലം/ക്വട്ടേഷൻ സംബന്ധമായ എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും.

ക്വട്ടേഷൻ സമർപ്പിക്കുന്നവരും ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവരും അന്നേ ദിവസം രാവിലെ 11.30 മണിക്ക് മുൻപായി ` 1,000 നിരതദ്രവ്യമായി കെട്ടിവയ്ക്കേണ്ടതാണ്.

പ്രാദേശിക കോഴിവളർത്തൽ കേന്ദ്രം, കുടപ്പനക്കുന്ന്.

ഡോ. ദിലീപ് ചന്ദ്രൻ,
അസിസ്റ്റന്റ് ഡയറക്ടർ (പി).